## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2244 18/07/2016 ൽ മറുപടിക്ക്

## റീ സർവേ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ സർവ്വേ നടപടികൾ ആരംഭിച്ചതെന്നാണ്; റീസർവ്വേ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞി-ട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീക-രിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്ത മാക്കുമോ; | (എ) 06/10/1965-ലെ ജി.ഒ (എംഎസ്) 781/65/ആർഡി ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വെ പ്രവർത്തനങ്ങൾ ആരംഭിച്ചു. റീസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ല. സ.ഉ. (എംഎസ്) 409/12/റവന്യൂ, തീയതി 31/10/2012 പ്രകാരം, സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനം സർക്കാർ ഭൂമിയിലും, അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമാക്കി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) റീസർവ്വേയിലെ അപാകതകൾ യഥാസമയം പരിഹരിച്ചു നൽകാൻ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് ഉള്ള നടപടികൾ വെളിപ്പെടുത്തുമോ? | (ബി) ഉണ്ട്. ജി.ഒ (എംഎസ്) 200/2010/റവന്യൂ, തീയതി 31/05/2010 സർക്കാർ ഉത്തരവ് പ്രകാരം, റീസർവ്വെ സംബന്ധമായ പരാതികളിന്മേൽ അതാത് താലൂക്ക് ആഫീസുകൾ മുഖാന്തിരം നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ